ഹെൽത്ത് സെന്ററാണ്. പോരായ്മ പരിഹരിക്കാൻ പഞ്ചായത്തുകൾക്ക് തന്നെ നേരിട്ട് ആളെ കിട്ടുമെങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ആളുകളെ നിയമിക്കാൻവേണ്ട നടപടി ചെയ്തിട്ടുണ്ട്. ഇപ്പോൾ രണ്ട് ഡോക്ടർമാരുടെ ഒഴിവുണ്ട്. ഈ 30-ാം തീയതിയാണ് റിട്ടയർമെന്റ് വന്നത്, സിവിൽ സർജന്റെ പോസ്റ്റാണ്, ഹയർ പോസ്റ്റാണ്. റിട്ടയർമെന്റ് വന്നേ അവർക്ക് പ്രൊമോഷൻ കൊടുക്കാൻ കഴിയുകയുള്ളൂ. റിട്ടയർമെന്റ് വേക്കൻസി വന്നിട്ട് ആറേഴ് ദിവസമേ ആയുള്ളൂ. എത്രയും പെട്ടെന്ന് അത് നികത്താൻ ശ്രമിക്കാം.

(15) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിലെ ജോയിന്റ് ഡയറക്ടറുടെ ആത്മഹത്യ

<u>ശ്രീ. എം. മുരളി</u> : സർ, ഇന്നലെ ഉച്ചയ്ക്ക് നമ്മുടെ നിയമസഭാ മന്ദിരത്തിന്റെ ഒരു വിളിപ്പാടകലെ വികാസ്ഭവനിൽ തീ കത്തിയ നിലയിൽ കാണപ്പെട്ട ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ജോയിന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. പി.പി. ഗോപാലകൃഷ്ണപിള്ള ഇന്ന് വെളുപ്പാൻകാലത്ത് മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് മരണമടഞ്ഞു. ഞാൻ ഈ സംഭവത്തിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയും അടിയന്തിര നടപടി ആവശ്യപ്പെടുകയുമാണ്. അദ്ദേഹം എന്റെ നാട്ടുകാരനാണ്, മാവേലിക്കര സ്വദേശിയുമാണ്. 26 വർഷമായിട്ട് ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിൽ ജോലിയെടുക്കുകയാണ്. അദ്ദേഹം ഇടയ്ക്ക് ഡെപ്യൂട്ടേഷനിൽ കാസർഗോഡ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്ററിൽ മാനേജർ ആയിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി, കാസർഗോഡ് ഡി.ഐ.സി. മാനേജർ ആയി പോയ കാലഘട്ടം മുതൽ, ഏതാനും വർഷങ്ങളായി ശ്രീ. ഗോപാലകൃഷ്ണപിള്ളയെ നിരന്തരമായി ഇതേ ഡിപ്പാർട്ടുമെന്റിലെ ഒരു സംഘം മേൽ ഉദ്യോഗസ്ഥൻമാർ മാനസ്സികമായും ഔദ്യോഗികമായും പീഡിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുറെവർഷങ്ങളായി താൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന പീഡനത്തെക്കുറിച്ച് എന്നോട് തന്നെ എം.എൽ.എ എന്നുള്ള നിലയിൽ അദ്ദേഹം സ്വദേശത്തുവച്ച് പലതവണ പരാതിപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പോലും കാണാതെ പോയി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹം ഏത് കമ്മ്യൂണിക്കേഷൻ കൊടുത്താലും അല്ലെങ്കിൽ അയച്ചാലും അത് ലക്ഷ്യസ്ഥാനത്ത് എത്തുകയില്ല, അത് മാറ്റപ്പെടുന്നു. അദ്ദേഹം നോക്കുന്ന ഫയലുകൾ അപ്രത്യക്ഷമാകുന്നു. അങ്ങനെ അദ്ദേഹം ജോയിന്റ് ഡയറക്ടർ ആയിരിക്കുന്ന ഉദ്യോഗസ്ഥനെ അദ്ദേഹത്തിന്റെ ഒദ്യോഗിക കൃത്യനിർവ്വഹണത്തിന് നിരന്തരമായി തടസ്സങ്ങൾ ഉണ്ടാക്കുകയും സി.ആർ. പോലും അപ്രത്യക്ഷമാവുകയും ഏറ്റവും ഒടുവിൽ അദ്ദേഹത്തെ ജോയിന്റ് ഡയറക്ടർ സ്ഥാനത്തുനിന്നും റിവർട്ട് ചെയ്യാൻ പോലുമുള്ള തീരുമാനം എടുത്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ഡയറക്ടർ ഉൾപ്പെടെ ഒരു സംഘം ഉദ്യോഗസ്ഥൻമാരാണ് അദ്ദേഹത്തെ പീഡിപ്പിച്ചതെന്നാണ് ഇന്ന് വെളുപ്പിനെ അദ്ദേഹം മരിച്ചുവെന്നുള്ള വാർത്ത എന്നെ അറിയിക്കാനായി വന്ന അദ്ദേഹത്തിന്റെ സഹോദരൻ ഉൾപ്പെടെ പറഞ്ഞത്. ആ സഹോദരൻ വന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ മുൻപിലും ഈ പരാതി പറഞ്ഞു. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് വികാസ്ഭവനിലുണ്ടായ ദുരന്തത്തെക്കുറിച്ച്, അതിദാരുണമായ ഈ മരണത്തെക്കുറിച്ച്, ഔദ്യോഗികമായി ഒരു സംഘം മേൽ ഉദ്യോഗസ്ഥൻമാരുടെ പീഡനങ്ങളുടെ ബലിയാടായി മാറിയ ജോയിന്റ് ഡയറക്ടറായ ഗോപാലകൃഷ്ണപിള്ളയുടെ ഈ ദാരുണമായ അന്ത്യത്തെക്കുറിച്ച് അങ്ങ് അടിയന്തിരമായി അന്വേഷണം നടത്തുകയും ഈ സംഭവത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യം പുറത്തുകൊണ്ടുവരികയും നിരാലംബരായ ഒരു കുടുംബത്തിന് നിവൃത്തിയുണ്ടാക്കി തരുകയും ചെയ്യണം. നമ്മുടെ സിവിൽ സർവ്വീസിൽ ഇത്തരം ബലിയാടുകൾ നാളെ ഉണ്ടാകാതിരിക്കുവാനുള്ള കർശനമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

[11 AM] മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, 1999 ജൂലൈ മാസം 8-ാം തീയതി വ്യാഴാഴ്ച വികാസ്ഭവനിൽ സ്ഥിതിചെയ്യുന്ന ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഡയറക്ടറേറ്റിൽ പകൽ 1.30-ന് ഈ വകുപ്പിലെ റ്റി.ആർ.എസ്. വിഭാഗത്തിന്റെ ജോയിന്റ് ഡയറക്ടറായ പി.പി. ഗോപാലകൃഷ്ണപിള്ള, അദ്ദേഹത്തിന്റെ തന്നെ ക്യാബിനിൽ വച്ച് സ്വയം തീ കൊളുത്തി ആത്മഹത്യയ്ക്കു ശ്രമിക്കുകയുണ്ടായി. ഉടൻതന്നെ ഓടി എത്തിയ ജീവനക്കാർ അദ്ദേഹത്തെ അടിയന്തിരമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കുകയും 5-ാം വാർഡിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. നേരിയ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിക്കാറുണ്ടായിരുന്ന അദ്ദേഹത്തിന് ആത്മഹത്യാ പ്രവണതയുണ്ടായിരുന്നതായി അറിയുന്നു. ഗോപാലകൃഷ്ണപിള്ള ഇന്നു പുലർച്ചെ 1.15-ന് അന്തരിച്ചു. സംഭവം പോലീസിൽ അറിയിക്കുകയും പോലീസ് നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മോർച്ചറിയിൽ സൂക്ഷിക്കുന്നുണ്ട്. ഈ പ്രശ്നത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 149/99 സെക്ഷൻ 309 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ മരണകാരണവും മറ്റും വെളിവാകുകയുള്ളു. ഇതിന്റെ അന്വേഷണം പിന്നീട് നടത്തുന്നതാണ്.

IV. മേശപ്പുറത്ത് വച്ച കടലാസ്

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ 3-ാമത് റിപ്പോർട്ട്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.†

V. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാര്യോപദേശകസമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാര്യോപദേശകസമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

---

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly